# Visit of Minister of Petroleum and Natural Gas to Kuwait

October 11, 2020

---

## പെട്രോളിയം പ്രകൃതി വാതകം വകുപ്പ് മന്ത്രിയുടെ കുവൈറ്റ് സന്ദർശനം

ഒക്ടോബർ 11, 2020

കുവൈറ്റിലെ മുൻ അമീർ ആയിരുന്ന ഷെയ്ഖ് സബഹ് അൽ-അഹമ്മദ് അൽ-ജാബർ അൽ -സബഹിന്റെ നിര്യാണത്തിൽ കുവൈറ്റിലെ നേതൃത്വത്തിനോ ഇന്ത്യൻ ഭരണകൂടത്തിന്റെ അനുശോചനം അറിയിക്കുന്നതിന് പെട്രോളിയം പ്രകൃതി വാതകം വകുപ്പ് മന്ത്രി ശ്രീ ധർമേന്ദ്ര പ്രധാൻ 2020 ഒക്ടോബർ 11 -12 തിയ്യതികളിൽ കുവൈറ്റ് സന്ദർശിച്ചു. ബഹുമാനപെട്ട രാഷ്ട്രപതി, പ്രധാനമന്ത്രി എന്നിവരുടെ പക്കൽ നിന്നുള്ള കത്തുകളും മന്ത്രി കുവൈറ്റ് അധികാരികൾക്കു കൈമാറി.

കുവൈറ്റിലെ പുതിയ അമീറായി താത്കാലിക ചുമതല സ്വീകരിച്ച ഷെയ്ഖ് നവാഫ് അൽ-അഹമ്മദ് അൽ-ജാബർ അൽ -സബഹ്,കിരീടാവകാശിയായ ഷെയ്ഖ് മിസാൽ അൽ-അഹമ്മദ് അൽ-അഹമ്മദ് അൽ-ജാബർ അൽ -സബഹ് എന്നിവർക്ക് ഇന്ത്യൻ ഭരണകൂടത്തിന്റെ ആശംസകളും ശ്രീ ധർമേന്ദ്ര പ്രധാൻ കൈമാറുകയുണ്ടായി.

കുവൈറ്റിലെ മുൻ അമീറായിരുന്ന ഷെയ്ഖ് സബഹ് അൽ-അഹമ്മദ് അൽ-ജാബർ അൽ-സബഹ് 2020 സെപ്റ്റംബർ 29 നാണ് നിര്യാതനായത്. ഇന്ത്യയുടെ അനുശോചനങ്ങൾ അറിയിച്ചുകൊണ്ട് വിദേശകാര്യമന്ത്രി ശ്രീ.എസ് ജയശങ്കർ ന്യൂഡൽഹിയിലുള്ള കുവൈറ്റ് എംബസി സന്ദർശിച്ചിരുന്നു. 2020 ഒക്ടോബർ 4 ന് ദേശീയ ദുഃഖാചരണ ദിനമായി ആചരിച്ചിരുന്നു.

മുൻപ് അമീറിന്റെ നേതൃത്വത്തിൽ ഇന്ത്യയും കുവൈറ്റും തമ്മിൽ ശ്കതമായാ സൗഹൃദം സൂക്ഷിച്ചിരുന്നു. ഇരുരാജ്യങ്ങളിലെയും ജനതയ്ക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ ഉഭയകക്ഷി ബന്ധങ്ങൾ ശ്കതിപ്പെടുത്തുന്നതിനും മാർഗനിർദേശങ്ങൾ നൽകുകയും ചെയ്യുന്നതിൽ ഒരു യഥാർത്ഥ സുഹൃത്തും അഭ്യുദയകാംക്ഷിയുമായിരുന്നു അദ്ദേഹം.ഒരു മില്ല്യണിൽ അധികം ഇന്ത്യക്കാർ കുവൈറ്റിൽ താമസിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്നുണ്ട്.

ഇരു രാജ്യങ്ങളും വിവിധ മേഖലകളിൽ ഉള്ള ചരിത്രപരമായ തങ്ങളുടെ ബന്ധം മുന്നോട്ടു കൊണ്ട് പോകുന്നത് തുടർന്ന് വന്നു കൂടാതെ കോവിദഃ-19 മായി ബന്ധപ്പെട്ടുള്ള മേഖലകളിലും അടുത്ത സഹകരണം പുലർത്തിയിരുന്നു.

ന്യൂ ഡൽഹി
11 ഒക്ടോബർ, 2020

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.